**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>പ്രധാനമന്ത്രി ഗ്രാമ സഡക് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1437 | 06-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ കാട്ടുവിള-നൊച്ചിയൂർ റോഡ് (പ്രധാന മന്ത്രി ഗ്രാമ സഡക് പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന റോഡ്) പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതി തുടങ്ങിയത് ഏതു വർഷത്തിൽ ആണ്; അതിന് അനുവദിച്ച തുക എത്രയാണ്; | (എ) | കരാറുകാരന്റെ ഭാഗത്തെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.<br>വർഷം - 2012<br>അടങ്കൽ തുക — 1,65,26,498/- |
| (ബി) | കാട്ടുവിള-നൊച്ചിയൂർ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ വികസന കാര്യാലയം തദ്ദേശ സ്വയംഭരണ വകുപ്പിൽ DD1-522/17 ഫയൽ നമ്പർ പ്രകാരം എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. |
| (സി) | പ്രധാനമന്ത്രി ഗ്രാമ സഡക് പദ്ധതിയിലെ കാട്ടുവിള-നൊച്ചി യൂർ റോഡ് പണി പൂർത്തീകരിക്കാത്ത അവസ്ഥയിൽ പ്രസ്തുത റോഡ് ജനങ്ങൾക്ക് ഗതാഗത യോഗ്യമാക്കുന്നതിന് എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സം ഉണ്ടോ; | (സി) | നിലവിലെ പ്രവൃത്തി കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ റീടെണ്ടർ ചെയ്യുകയും ലഭ്യമായ ഓഫർ പ്രകാരമുള്ള ടെണ്ടർ എക്സസ് പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്. |
| (ഡി) | കാട്ടുവിള - നൊച്ചിയൂർ റോഡിന് അനുവദിച്ച തുക ഉപയോഗിച്ച് ഇപ്പോഴത്തെ എൽ എസ് ജി ഡി-റേറ്റ് അനുസരിച്ച് റോഡിന്റെ കുറച്ച് ഭാഗം പണിയുന്നതിനു തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലെ റോഡ് മുഴുവനായി ചെയ്യുന്നതിനാണ് റീടെണ്ടർ ചെയ്തിരിക്കുന്നത്. ആകയാൽ കുറച്ചു ഭാഗം മാത്രമായി ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**